**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 458 — 04.07.2012-ൽ മറുപടിയ്ക്ക്

## സൈബർ കുറ്റകൃത്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത്:<br>ശ്രീ. സി. ദിവാകരൻ:<br>ശ്രീ. ജി. എസ്. ജയലാൽ:<br>ശ്രീ. ചിറ്റയം ഗോപകുമാർ: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സൈബർ കുറ്റകൃത്യങ്ങളിൽ കൂടുതലും പണം തട്ടിപ്പുമായി ബന്ധപ്പെട്ടവയാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2010, 2011 വർഷങ്ങളിൽ ഇത്തരത്തിലുള്ള എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; | (എ) സൈബർ കുറ്റകൃത്യങ്ങളിൽ കൂടുതലും പണം തട്ടിപ്പുമായി ബന്ധപ്പെട്ടവയാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2010 ൽ ഇത്തരത്തിലുള്ള 24 കേസുകളും 2011 ൽ ഇത്തരത്തിലുള്ള 37 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) വെബ്സൈറ്റ് ഹാക്ക് ചെയ്യുന്നതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ പ്രസ്തുത കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (ബി) വെബ്സൈറ്റ് ഹാക്ക് ചെയ്യുതുമായി ബന്ധപ്പെട്ട് 2010 ൽ 5 കേസുകളും, 2011 ൽ 15 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) മൊബൈൽ ഫോൺ വഴിയുള്ള കുറ്റകൃത്യങ്ങൾ ഈ വർഷം ഇതുവരെ എത്രയെണ്ണം രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിദേശ രാജ്യങ്ങളുമായി ബന്ധപ്പെട്ട ഇത്തരം തട്ടിപ്പുകൾ തടയുന്നതിനായി എന്തെല്ലാം നടപടികളെടുക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ? | (സി) മൊബൈൽ ഫോൺ വഴിയുള്ള കുറ്റകൃത്യങ്ങൾ ഈ വർഷം ഇതുവരെ (25.06.2012) 72 എണ്ണം രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>സൈബർ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനും, തടയുന്നതിനുമായി സംസ്ഥാന പോലീസ് മേധാവിയുടെ മേൽനോട്ടത്തിലും, നിർദ്ദേശ ത്തിലും ഒരു സൈബർ ക്രൈം പോലീസ് സ്റ്റേഷൻ തിരുവനന്തപുരം പട്ടം ആസ്ഥാനമായി പ്രവർത്തിച്ചുവരുന്നു. സങ്കീർണ്ണവും, സാങ്കേതിക വിദ്യ കൂടുതലായി ആവശ്യമുള്ളതുമായ കേസുകൾ കൈകാര്യം ചെയ്യുന്നതിന് പോലീസ് ആസ്ഥാനത്ത് ഹൈടെക് ക്രൈം എൻക്വയറി സെല്ലും സംസ്ഥാനത്തെ 19 പോലീസ് ജില്ലകളിലും ഓരോ സൈബർ സെല്ലുകളും പ്രവർത്തിച്ച് വരുന്നു. വിദേശരാജ്യങ്ങളുമായി ബന്ധപ്പെട്ട ഇത്തരം തട്ടിപ്പുകൾ തടയുന്നതിനായി ഇപ്പോൾ നിലവിലുള്ള സൈബർ സംവിധാനം അപര്യാപ്തമാണ്. |

സെക്ഷൻ ഓഫീസർ